# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

***14.03.2025 (വെള്ളിയാഴ്ച) 10.30 എ.എമ്മിന്***

***ചെയർമാൻ ശ്രീ. കെ. ബിജു ഐ.എ.എസ്***

(സെക്രട്ടറി പൊതുമരാമത്ത്-ട്യൂറിസം ഡിപ്പാർട്ട്മെന്റ്)-***ന്റെ അധ്യക്ഷതയിൽ***

***ചേർന്ന 24-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്***

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 14.03.2025 രാവിലെ 10.30 മണിക്ക് ചേർന്ന 24 -ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 24-ാമത് ഗവേർണിംഗ് ബോഡി യോഗം 2025 മാർച്ച് 14-ാം തീയതി രാവിലെ 10.30 ന് ബഹു. ചെയർമാൻ ശ്രീ. കെ.ബിജു ഐ.എ.എസ്സ് (സെക്രട്ടറി, പൊതുമരാമത്ത് & ടൂറിസം ഡിപ്പാർട്ട്മെന്റ്) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. കെ.ബിജു, ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. പ്രിൻസൺ വർഗ്ഗീസ് (സീനിയർ ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ)
4. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
5. എ.എൻ. പ്രഭാകരൻ (മെമ്പർ)
6. ശ്രീമതി. ഗിരിജ സുരേന്ദ്രൻ (മെമ്പർ)
7. ശ്രീ. കെ. അനിമോൻ (മെമ്പർ)
8. ശ്രീ. സലിൽകുമാർ വി.കെ (സിനീയർ ഓഡിറ്റ് ഓഫീസർ, എ.ജി.(ഓഡിറ്റ്-1)കേരള
9. ശ്രീ. ശ്യാം കുമാർ കെ.യു( പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ മിഷൻ)

### യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

**1. 2025 ജനുവരി 13-ാംതീയതി ചേർന്ന 23-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

23-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

**2. 23-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട്**

23-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികളിൽ യോഗം സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA ★ (Govt. of Kerala) C.W.C. BUILDING L.M.S., PALAYAM TRIVANDRUM -33

BIJU. K IAS
PEN : 325228
Secretary to Government
Public Works Department
Govt. Secretariat

OFFICE OF THE SECRETARY, PUBLIC WORKS DEPARTMENT ★ GOVT. SECRETARIAT THIRUVANANTHAPURAM

3. **സോഷ്യൽ ഓഡിറ്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം അസിസ്റ്റന്റുമാരുടെ സെലക്ഷൻ കമ്മിറ്റിക്ക് അംഗീകാരം**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ പുതുതായി നിയമിക്കുന്നതിനായി പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂവും ടെസ്റ്റും നടത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റിക്ക് യോഗം അംഗീകാരം നൽകി.

4. **സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറായി നിലവിൽ സേവനമനുഷ്ഠിച്ചു-വരുന്ന ഡോ.എൻ.രമാകാന്തന്റെ നിയമന കാലാവധി 02.05.2025-ൽ അവസാനിക്കുന്ന സാഹചര്യം യോഗം ചർച്ച ചെയ്യുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാസ്റ്റർ സർക്കുലറിലെ വ്യവസ്ഥ പ്രകാരം സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ കാലാവധി അഞ്ച് വർഷമോ 65 വയസ്സ് പൂർത്തിയാക്കുന്നതുവരെയോയെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഡോ. എൻ. രമാകാന്തന്റെ സേവനം സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനം എൻ.എസ്.എ.പി., പി.എം.എ.വൈ-(ജി) തുടങ്ങിയ മറ്റ് സ്കീമുകളിലേക്ക് വ്യാപിപ്പിച്ച് സുസ്ഥാപിതമാക്കുന്നതിനും അദ്ദേഹത്തിന്റെ പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് സേവന കാലാവധി അഞ്ച് വർഷം പൂർത്തിയാക്കുന്നതുവരെ ദീർഘിപ്പിച്ച് നൽകുന്നതിന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിന് യോഗം തീരുമാനിച്ചു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ മാസ്റ്റർ സർക്കുലറിലെ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് നൽകിയ കീഴ്വഴക്കം ചൂണ്ടിക്കാണിച്ച് ഡോ. എൻ.രമാകാന്തന്റെ നിയമന കാലാവധി പ്രായപരിധിയിൽ ഇളവ് അനുവദിച്ച് മാസ്റ്റർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം അഞ്ച് വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുന്നതിന് ആവശ്യമെങ്കിൽ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തോട് ആവശ്യപ്പെടുന്നതിനും യോഗം തീരുമാനിക്കുകയുണ്ടായി. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഇക്കാര്യത്തിൽ ഇളവ് അനുവദിക്കാത്തപക്ഷം പുതിയ സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ നിയമന നടപടികൾ പൂർത്തിയാക്കുന്നതുവരെ അദ്ദേഹത്തെ തുടരാൻ അനുവദിക്കണമെന്ന് യോഗം ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA ★ (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM-33

BIJU. K IAS
PEN : 325228
Secretary to Government
Public Works Department
Govt. Secretariat

OFFICE OF THE SECRETARY, PUBLIC WORKS DEPARTMENT
GOVT. SECRETARIAT
THIRUVANANTHAPURAM

5. **2025-26 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ബഡ്ജറ്റ് അംഗീകരിക്കൽ**

2025-26 വർഷത്തേക്കുള്ള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 23 കോടി രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്ന വാർഷിക ബഡ്ജറ്റ് യോഗം അംഗീകരിച്ചു.

6. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 4-ാമത് വാർഷിക ജനറൽ ബോഡി യോഗത്തിന്റെ തീയതി നിശ്ചയിക്കൽ**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 4-ാമത് വാർഷിക ജനറൽ ബോഡി യോഗം 2025 ഏപ്രിൽ രണ്ടാംവാരത്തിൽ ചെയർമാന്റെ സൗകര്യപ്രദമായ തീയതി നിശ്ചയിച്ച് ചേരുന്നതിന് തീരുമാനിച്ചു.

7. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിലവിൽ ഒഴിവുള്ള ബ്ലോക്കുകളിലെ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ നിലവിലുള്ള നാല് ഒഴിവുകളിലേക്ക് ഇപ്പോൾ പ്രാബല്യത്തിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയ ഡയറക്ടറുടെ നടപടിക്ക് യോഗം അംഗീകാരം നൽകി.

8. **2024-25 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതി റിപ്പോർട്ടിന് അംഗീകാരം**

2024-25 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ രണ്ട് പാദങ്ങളിലും നടപ്പാക്കിയ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി യോഗം വിലയിരുത്തുകയും സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് ലക്ഷ്യം കൈവരിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളത്തിന് കഴിഞ്ഞതിൽ പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

9. **കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ, ദേശീയ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി സംബന്ധിച്ച്**

പി.എം.എ.വൈ (ജി), എൻ.എസ്.എ.പി. എന്നീ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്വീകരിച്ച നടപടികളും പ്രവർത്തന പുരോഗതിയും യോഗം വിലയിരുത്തുകയും സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S., PALAYAM TRIVANDRUM-33

OFFICE OF THE SECRETARY, PUBLIC WORKS DEPARTMENT GOVT. SECRETARIAT THIRUVANANTHAPURAM

BIJU. K IAS
PEN : 325228
Secretary to Government
Public Works Department
Govt. Secretariat

**10. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും അതിന്മേൽ സ്വീകരിച്ച തുടർ നടപടികളും സംബന്ധിച്ച റിപ്പോർട്ട്**

2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ ഫലപ്രദമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിലേക്ക് ഇതുസംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് യോഗം തീരുമാനിച്ചു.

**11. ചെയർമാൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ**

1. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ കരാർ വ്യവസ്ഥയിൽ സോഷ്യൽ ഓഡിറ്റ് ജില്ല-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും ജീവനക്കാർക്കും പ്രസവാവധി (Maternity Leave) അനുവദിക്കുന്നതു സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജില്ലാ-ബ്ലോക്ക് വനിതാ റിസോഴ്സ് പേഴ്സൺമാർക്ക് മറ്റ് കരാർ ജീവനക്കാർക്ക് നൽകുന്നതുപോലെ പ്രസവാവധി ശമ്പളത്തോടുക്കൂടി ആറ് മാസക്കാലയളവിലേക്ക് നൽകുന്നതിന് തീരുമാനിച്ചു.

2. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം അസിസ്റ്റന്റിന്റെ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർക്കാർ അനുമതി ലഭിക്കുന്നതു സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ രണ്ട് എം.ഐ.എസ് അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഗവേർണിംഗ് ബോഡി കൈക്കൊണ്ട തീരുമാനത്തിന് സർക്കാർ അനുമതി ലഭിക്കുന്നതിന് സർക്കാരിന്റെ അംഗീകാരത്തിനായി അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.

3. **സോഷ്യൽ ഓഡിറ്റ് ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും സ്ഥലം മാറ്റം സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ സ്ഥലം മാറ്റം നടത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S., PALAYAM TRIVANDRUM -33

OFFICE OF THE SECRETARY, PUBLIC WORKS DEPARTMENT GOVT. SECRETARIAT THIRUVANANTHAPURAM

BIJU. K IAS
PEN : 325228
Secretary to Government
Public Works Department

4. **എൻ.എസ്.എ.പി., പി.എം.എ.വൈ. സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിലേയ്ക്കായുള്ള വെബ് ആപ്ലിക്കേഷൻ താൽക്കാലികമായി ഹോസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച്**

എൻ.എസ്.എ.പി., പി.എം.എ.വൈ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് സർവ്വെ ആപ്ലിക്കേഷൻ സെക്യൂരിറ്റി ഓഡിറ്റ് പൂർത്തിയാക്കി ഐ.ടി.മിഷന്റെ സെർവറിലേക്ക് ഹോസ്റ്റ് ചെയ്യുന്നതുവരെ താല്കാലികമായി ആമസോൺ വെബ് സർവറിലേക്ക് ഹോസ്റ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

5. **ഫലപ്രദമായ ഫയൽ മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കുന്നതിനും റിക്കോർഡ് കീപ്പിംഗ് ഫലപ്രദമാക്കുന്നതിനും ഐ.റ്റി മിഷനിൽ നിന്നും അനുമതി വാങ്ങി E-Office സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന് യോഗം അനുമതി നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

യോഗം 11.30-ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**കെ.ബിജു ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
പൊതുമരാമത്ത് സെക്രട്ടറി & ടൂറിസം ഡിപ്പാർട്ട്മെന്റ്

BIJU. K IAS
PEN : 325228
Secretary to Government
Public Works Department
Govt. Secretariat
Thiruvananthapuram